ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
0471 2561307

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം – സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കാർപ്പൻററി വിഭാഗം തസ്തികയിലെ ട്രേഡ് ഇൻസ്ട്രക്ടർ ജീവനക്കാരുടെ 2026 ലെ പൊതുസ്ഥലംമാറ്റ നിയമനം - അന്തിപപ്പട്ടിക ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

ജീവനക്കാര്യം (ഇബി2) വിഭാഗം

നം. DTETVM/2823/2026-EB2 (EB) തീയതി: **19-09-2026**

വായന:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള **05/08/2026** ലെ **DTETVM/2823/2026-EB2 (EB) നമ്പർ ഉത്തരവ്**
2. സർക്കാരിൽ നിന്നുള്ള **25/02/2017** ലെ സ. ഉ (പി)നം.**03-2017**/ഉ .ഭപവ ഉത്തരവ്.
3. എറണാകുളം, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുള്ള കേസ് നമ്പർ **OA(EKM)1432/2022**

<u>ഉത്തരവ്</u>

ഈ വകുപ്പിന് കീഴിലെ കാർപ്പൻററി വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ **2026** പൊതുസ്ഥലം മാറ്റ അന്തിമ പട്ടിക പരാമർശം **(1)** പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു.

ടി ഉത്തരവ് പ്രകാരം കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ കാർപ്പൻററി വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. പ്രകാശൻ വി (പെൻ നമ്പർ.**892100**) യ്ക്ക് കണ്ണൂർ സർക്കാർ എൻജിനിയറിങ് കോളേജിലേക്ക് സ്ഥലംമാറ്റം അനുവദിച്ചിരുന്നു.

എന്നാൽ പരാമർശം **(3)** പ്രകാരം, ശ്രീ. പ്രകാശൻ വി യ്ക്ക് നിയമനം നല്കിയ കണ്ണൂർ സർക്കാർ എൻജിനിയറിങ് കോളേജിലെ കാർപ്പൻററി വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് നിലനിൽക്കുന്നു.

ആയതിനാൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവ് വരുന്നതുവരെ, കാർപ്പൻററി വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. പ്രകാശൻ വി (പെൻ നമ്പർ.**892100**), യെ ടിയാൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപമായ കണ്ണൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിലനിർത്തി ഉത്തരവാകുന്നു.

ഈ ഭേദഗതിയോടെ പരാമർശം **(1)** പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതായിരിക്കും.

#ApprovedByName#
#ApprovedByDesignation#

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

File No. DTETVM/2823/2026-EB2 (EB) (Computer No. 308889)
Generated from eOffice by ARATHY G, EB2 (EB)DTE, EB2 (EB) DTE, DIRECTORATE OF TECHNICAL EDUCATION on 22/09/2026 02:27 PM